# ചീറ്റപ്പുലി

● ഷാക്കിർ തോട്ടിക്കൽ

ശാസ്ത്രീയനാമം :
അസിനോനിക്സ് ജുബാട്ടസ്
ജീവിതകാലയളവ് : 10-20 വർഷം
സ്പീഡ് : 110 Km/h
തൂക്കം : 65 Kg

ഉസൈൻ ബോൾട്ടിനെ കൂട്ടുകാർക്ക് പരിചയമില്ലേ... ലോകത്തിലെ ഏറ്റവും വേഗതയേറിയ ഓട്ടക്കാരനായ ഇദ്ദേഹത്തെ ലോകം ഉപമിച്ചത് ചീറ്റപ്പുലിയോടാണ്. കാരണം മറ്റൊന്നല്ല. അസാമാന്യ വേഗത തന്നെ.

മണിക്കൂറിൽ 110 കി.മീ വേഗം വരെ ആർജിക്കാൻ കഴിവുള്ള ചീറ്റയുടെ തല മുതൽ വാലു വരെ സ്പീഡ് കൂട്ടാൻ വേണ്ടിയുള്ള സാങ്കേതിക വിദ്യയുണ്ടത്രെ. മാത്രമല്ല, ചീറ്റപ്പുലിയുടെ രൂപം പൂണ്ട 'മാഫ്ഡെറ്റ്' എന്നു പേരായ ദേവതയെ ഈജിപ്തുകാർ ആരാധിച്ചിരുന്നു. 'അലങ്കരിക്കപ്പെട്ടത്' എന്നർത്ഥം വരുന്ന 'ചിത്ര' എന്ന സംസ്കൃത പദത്തിൽ നിന്നാണ് ചീറ്റ എന്ന വാക്ക് രൂപംകൊണ്ടത്. മൃഗങ്ങളെ വേട്ടയാടുന്നതിനായി പരിശീലിപ്പിച്ചെടുക്കാൻ കഴിയുന്ന മൃഗങ്ങളാണ് ചീറ്റപ്പുലികൾ. അതുകൊണ്ടുതന്നെ ഇവ വേട്ടപ്പുലികൾ എന്നും അറിയപ്പെടുന്നു. ഇന്ത്യയിലെ പല രാജാക്കന്മാരും വേട്ടക്കായി ഇത്തരത്തിൽ ചീറ്റകളെ പരിശീലിപ്പിച്ചെടുക്കാറുണ്ടായിരുന്നു.

ബന്ധുക്കളുടെ കൂട്ടത്തിൽ പൂച്ച മുതൽ സിംഹം വരെയുണ്ടെങ്കിലും ആകൃതിയിലും പ്രകൃതത്തിലും ചീറ്റ വ്യത്യസ്തനാണ്. വേട്ടനായയെപ്പോലെ വേട്ടയാടുകയും പുലിയെ പോലെ മൂളുകയും സിംഹത്തെ പോലെ ഗർജിക്കുകയും ചെയ്യില്ല. പകരം എത്ര ശബ്ദമുണ്ടാക്കാൻ ശ്രമിച്ചാലും പൂച്ച കുറുകുന്നത് പോലെയേ തോന്നുകയുള്ളൂ. എന്നാൽ ദേഷ്യം വന്നാൽ ചീറ്റ ശക്തിയായി ചീറ്റും. പുറത്തേക്ക് തള്ളിനിൽക്കുന്ന നഖങ്ങൾ നിലത്ത് പിടിത്തം കിട്ടാനും ഓടുമ്പോൾ വളരെ ഉയർന്ന



▸▸ ഐ.എ.എസുകാരന്റെ കഥപറയുന്ന മലയാറ്റൂരിന്റെ നോവൽ– യന്ത്രം



ത്വരണം നേടാനും സഹായിക്കുന്നു.

ചീറ്റപ്പുലികളുടെ രോമം അന്തസ്സിന്റെ പ്രതീകമായാണ് കരുതുന്നത്. കാഴ്ചബംഗ്ലാവിൽ കാണുന്ന ചീറ്റപ്പുലികൾ വൻ സാമ്പത്തിക ലാഭം നേടിത്തരുന്നവയാണ്. മാത്രമല്ല, അപകടകാരിയല്ലാത്തതിനാൽ ഇതിനെ ഓമനിച്ച് വളർത്താറുമുണ്ട്. എന്നാൽ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ സ്വകാര്യ സ്വത്തായി വളർത്തുന്നത് ശിക്ഷാർഹമാണ്.

സ്വാഭാവിക ആവാസവ്യവസ്ഥകളുടെ അഭാവമാണ് ഇവയെ വംശനാശത്തിലേക്ക് നയിച്ച പ്രധാന ഘടകം. ഇന്ന് ആഫ്രിക്കയിലാണ് ഏറ്റവും കൂടുതൽ ചീറ്റപ്പുലികൾ ഉള്ളത്. സിംഹങ്ങളും കഴുതപ്പുലികളുമാണ് ഇവയുടെ സ്വാഭാവിക ശത്രുക്കൾ. വേഗത്തിൽ ഓടാൻ കഴിവുണ്ടെങ്കിലും ഇരപിടിക്കാനുള്ള സാമർത്ഥ്യം പൊതുവെ കുറവാണ്. ഒരു ഇരയുടെ പിറകെ കുറച്ച് ദൂരമോടി കിട്ടിയില്ലെങ്കിൽ അത് ഉപേക്ഷിച്ച് മറ്റൊന്നിന് പിറകെ പോവുന്ന പതിവ് ഇവക്കുണ്ട്.

ഇന്ത്യയിൽനിന്നും പൂർണ്ണമായും അന്യം നിന്നുപോയ ഇനമാണെങ്കിലും ഇന്ന് ഇവയുടെ സാന്നിധ്യം തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങൾ സർക്കാർ നടത്തുന്നുണ്ട്. ഇതിനായി ആഫ്രിക്കയിൽ നിന്നും ചീറ്റപ്പുലികളെ നാട്ടിലെത്തിക്കാനാണ് സർക്കാർ പദ്ധതിയിടുന്നത്.

### കാട്ടിലെ സുന്ദരന്മാർ

കാട്ടിലെ സുന്ദരക്കുട്ടപ്പന്മാരായ ഇവയുടെ ശരീരത്തിന്റെ മുകൾഭാഗം മങ്ങിയനിറത്തിലോ ചാരം കലർന്ന വെള്ളനിറത്തിലോ കാണപ്പെടുന്നു. ഇവയുടെ ശരീരത്തിലാകമാനം കുത്തുകൾ നിറഞ്ഞിരിക്കും. തൊണ്ടയും ഉദരഭാഗവും കുത്തുകളില്ലാത്ത രീതിയിലാണ്. ഇവയുടെ ശരീരത്തിൽ ചെറിയ നീളത്തിലുള്ള രോമങ്ങൾ കാണാം. വാലിൽ നാലോ, ആറോ കറുത്ത വട്ടങ്ങളും ഏറ്റവും അടിയിലായി മുടി പോലെ വെള്ളരോമങ്ങളും കാണാം. വാലിലെ



## ചന്ദന മരത്തിന് കൂട്ടുവേണം

**ച**ന്ദന മരത്തൈകൾ നടുമ്പോൾ ഒപ്പം മറ്റൊരു വൃക്ഷത്തെയും നടാറുണ്ട്. ഇത് എന്തിനാണെന്ന് കൂട്ടുകാർക്കറിയാമോ...? ചന്ദനം ഭാഗികമായ ഒരു പരാദ സസ്യമാണ്. ഒരു ആതിഥേയ സസ്യത്തെ ആശ്രയിച്ച് മാത്രമേ ഇതിന് വളരാൻ കഴിയൂ എന്നതിനാലാണത്.

▸▸ കഥാപാത്രങ്ങൾക്ക് പേരുകളില്ലാത്ത ആനന്ദിന്റെ നോവൽ– മരണ സർട്ടിഫിക്കറ്റ്

വട്ടങ്ങൾ ഇവയെ തിരിച്ചറിയാൻ വളരെ സഹായകമാണ്.

ചെറിയ തല, ചെറിയ ചെവികൾ, വലിയ കണ്ണുകൾ മുതലായവ ഇവയുടെ ശാരീരിക സവിശേഷതയാണ്. ചെറിയ പല്ലുള്ള ഇവയുടെ മൂക്ക് വലുതാണ്. ശരീരം വേട്ടപ്പട്ടികളെ പോലെ മെലിഞ്ഞും നീളമേറിയ കാലുകളോടും കൂടിയതാണ്. ഏതാണ്ട് 67 മുതൽ 94 സെ.മീറ്റർ വരെ നീളമുണ്ടായിരിക്കും. 70 മുതൽ 81 സെ.മീറ്റർ വരെ വാലിന് നീളം കാണും. ആൺ വർഗത്തിനാണ് വലുപ്പം കൂടുതൽ. വലിയ ശ്വാസകോശങ്ങളും ഹൃദയവും, ബലമേറിയതും നീണ്ടതുമായ പേശികളും ഇവയുടെ പ്രത്യേകതയാണ്. പെട്ടെന്ന് വളയാൻ ഇവയുടെ ശരീരത്തെ സഹായിക്കുന്നത് വാലാണ്. പിൻകാലുകളാണ് നട്ടെല്ലിന്റെ പ്രവർത്തനം നടത്തുന്നത്. സൂര്യപ്രകാശം കണ്ണിലേൽക്കാതിരിക്കാൻ രണ്ട് കണ്ണുകളും കറുത്ത കണ്ണുനീർ ഉൽപാദിപ്പിക്കുന്നു.

പുൽമേടുകൾ, കുന്നിൻപുറങ്ങൾ, കുറ്റിക്കാടുകൾ തുടങ്ങിയ പ്രദേശങ്ങളിൽ കഴിയാനാണ് ചീറ്റകൾ താൽപര്യം കാണിക്കുന്നത്. പൊതുവെ ജനിച്ച പരിതഃസ്ഥിതിയിൽനിന്നും മാറി ജീവിക്കാൻ ഇഷ്ടപ്പെടാത്തവയാണ് ചീറ്റപ്പുലികൾ.

## ആഹാരം

ചീറ്റപ്പുലികൾ മാംസഭുക്കുകളാണ്. ചെറുമാനുകളാണ് പ്രധാന ഭക്ഷണം. കൂടാതെ കലമാൻ, പക്ഷികൾ, മുയലുകൾ, പന്നി, കീരി എന്നിവയെയും ഇവ ഭക്ഷണമാക്കുന്നു. രാവിലെയും ഉച്ചകഴിഞ്ഞും ഇരപിടിക്കുന്ന ചീറ്റപ്പുലികൾ വളരെ വേഗത്തിൽ തിന്നുന്നവരാണ്.

## പ്രത്യുൽപാദനം

രണ്ട് വയസ്സ് പ്രായമാകുമ്പോഴാണ് പെൺ ചീറ്റപ്പുലികൾ ലൈംഗിക പ്രായപൂർത്തിയെത്തുന്നത്. എങ്കിലും മൂന്നു വയസ്സ് പ്രായമാകുമ്പോൾ മാത്രമാണ് ഇവ ഇണചേരുന്നത്. 98 ദിവസമാണ് ഇവയുടെ ഗർഭകാലം. ഓരോ പ്രസവത്തിലും ശരാശരി 3 മുതൽ 5 വരെ കുഞ്ഞുങ്ങൾ ഉണ്ടാവാറുണ്ട്. കുഞ്ഞുങ്ങളുടെ കൂടെ കഴിയുന്നതൊഴിച്ചാൽ പൊതുവെ ഏകാന്തവാസം നയിക്കുന്നവയാണ് പെൺ ചീറ്റപ്പുലികൾ. എന്നാൽ ആൺ ചീറ്റപ്പുലികൾ സമൂഹമായി കഴിയാൻ ഇഷ്ടപ്പെടുന്നു. •



# മഴവില്ല്

• ജയനാരായണൻ തൃക്കാക്കര

മാനത്തിന്റെ മടിത്തട്ടിൽ
മഴക്കു മുമ്പേ വിടരും ഞാൻ
മർത്യർക്കായിട്ടേഴു നിറങ്ങൾ
മടിയില്ലാതെ കാട്ടും ഞാൻ
മണ്ണിൽ നിന്നും മാനത്തേക്കൊരു
മഴവിൽപ്പാലം തീർക്കും ഞാൻ
മണ്ണിൽ നിൽക്കും മാനവരെ
മാനത്തേക്കു ക്ഷണിക്കും ഞാൻ
മഴതീരുമ്പോൾ മറയും ഞാൻ
മാനത്തൊളിച്ചു നിൽക്കും ഞാൻ!

▸▸ കേരളത്തിലെ ആദ്യ ആദിവാസി പഞ്ചായത്ത്– ഇടമലക്കുടി(ഇടുക്കി ജില്ല)